# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 161 07.03.2017 – ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാനിയമ പ്രകാരമുള്ള മുൻഗണനാപ്പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, കെ .രാജൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള സംസ്ഥാനത്തിന്റെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട ആളുകളുടെ എണ്ണം 1.54 കോടിയായി നിശ്ചയിച്ചത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ, നഗരം വേർതിരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായിട്ടുള്ള മാർഗ്ഗ നിർദ്ദേശം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തിന്റെയും സാമൂഹിക സാമ്പത്തിക അവസ്ഥ കണക്കിലെടുത്താണ് ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 52.63% ഉം, നഗര പ്രദേശങ്ങളിലെ 39.5% ഉം ഉൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) പ്രസ്തുത മുൻഗണനാപ്പട്ടിക രൂപപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വെളിപ്പെടുത്തുമോ; | (ബി) സിവിൽ സപ്ലൈസ് വകുപ്പാണ് മാനദണ്ഡങ്ങൾ തയ്യാറാക്കിയത്. സർക്കാരിന്റെ 14.01.2011 ലെ സ.ഉ(കൈ)നം.16/2011/ത.സ്വ.ഭ.വ വകുപ്പിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27.04.2012 ലെ സ.ഉ (കൈ)നം.112/2012/ത.സ്വ.ഭ.വ, 03.12.15 ലെ സ.ഉ (സാധാ)392/15/ഭ.സി.സ.വ, 21.07.15 ലെ 236750 ബി3/15/ഭ.സി.സ.വ കത്ത്, 13.10.16 ലെ സ.ഉ(കൈ)നം. 16/2016/ഭ.പൊ.വി.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കരട് മുൻഗണനാ പട്ടികയിലുള്ളവരെ കണ്ടെത്തിയിട്ടുള്ളത്. |
| (സി) പ്രസ്തുത മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് ഏതെല്ലാം രേഖകളാണ് അടിസ്ഥാനമാക്കിയത് എന്ന് വ്യക്തമാക്കുമോ? | (സി) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീപോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള 14.01.2011-ലെ സ.ഉ(കൈ)നം.16/2011/ത.സ്വ.ഭ.വ വകുപ്പിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27.04.2012 ലെ സ.ഉ(കൈ)നം. 112/2012/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരവുമാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ